# മാവൂരിൽ സംഭവിച്ചത്

പി. കെ. എം. ചേക്കു



മാവൂർ ഒരോർമ്മയാവട്ടെ
ഫോട്ടോ : കെ.സി. സന്തോഷ്കുമാർ

**മലബാറിന്റെ** വികസനത്തിനു വേണ്ടി 1957 ലെ ഇ.എം.എസിന്റെ മന്ത്രിസഭ കൊണ്ടുവന്നതാണ് മാവൂർ ഗ്വാളിയോർ റയോൺസ്. 1958 മെയ് മൂന്നിന് കേരള സർക്കാർ അടിസ്ഥാന കരാറുകളിൽ ഒപ്പുവയ്ക്കുകയും 1963 ൽ കമ്പനി പൾപ്പ് ഉൽപാദനം തുടങ്ങുകയും ചെയ്തു. അന്നുമുതൽ മലിനീകരണവും അതിനെതിരെ സമരവും ആരംഭിച്ചു. 1968 ൽ ഫൈബർ ഡിവിഷൻ ആരംഭിച്ചതുകൊണ്ട് ജലമലിനീകരണവും വായുമലിനീകരണവും കൂടുതലായി. ഇതിനെതിരെ ശക്തമായ മലിനീകരണ വിരുദ്ധ സമരങ്ങൾ നടന്നു. 1963 മുതൽ 1985 വരെ മാവൂരിലെ തൊഴിലാളികൾ നല്ല ശമ്പളവും ആനുകൂല്യങ്ങളും നേടിയിരുന്നു. ഈ അവസ്ഥയിലാണ് 1985 ൽ മലിനീകരണം നിയന്ത്രിക്കാൻ കഴിയാത്ത സ്ഥിതിയിൽ മാനേജ്മെന്റ് തൊഴിൽ കുഴപ്പങ്ങൾ ആരോപിച്ച് കമ്പനി പൂട്ടുന്നത്. ഈ അവസരത്തിൽ ചാലിയാർ തീരവാസികൾക്ക് താൽക്കാലിക ആശ്വാസം കിട്ടി. എന്നാൽ തൊഴിലാളികൾ പട്ടിണി കിടക്കുകയും അതുകാരണം ചില തൊഴിലാളികൾ ആത്മഹത്യ ചെയ്യുകയും ചെയ്തു. ഈ അവസരത്തിൽ 1988 ഒക്ടോബർ 27 ന് 'ഗ്രോ' യൂണിയൻ നേതാവായ എ. വാസുവും മോയിൻ ബാപ്പുവും നയിച്ച അനിശ്ചിതകാല നിരാഹാര സമരത്തെ തുടർന്ന് കമ്പനി തുറക്കുകയും ചെയ്തു. തുറന്ന് പ്രവർത്തിക്കാൻ വേണ്ടിയുണ്ടാക്കിയ കരാറിൽ തൊഴിലാളികളുടെ എല്ലാ ആനുകൂല്യങ്ങളും ഇല്ലായ്മ ചെയ്യുകയും മാനേജ്മെന്റ് സർക്കാരിൽനിന്നും വൻതോതിൽ ആനുകൂല്യങ്ങൾ പിടിച്ചുപറ്റുകയും ചെയ്തു. കൂടാതെ കമ്പനി യാതൊരു ശുദ്ധീകരണവും കൂടാതെ വെള്ളവും വായുവും പുറത്തേക്കുവിട്ടു. ഇതിന്റെ ഫലമായി ചാലിയാറിൽ മത്സ്യവും കക്കയും മറ്റ് സസ്യസമ്പത്തും നശിച്ചു. കിണറിലെ വെള്ളവും ശ്വസിക്കുന്ന വായുവും ഇതിന്റെ ഫലമായി വിഷലിപ്തമായി. ചാലിയാർ തീരത്തുള്ള ഏകദേശം മൂന്നുലക്ഷം ജനങ്ങൾ ഇതുകൊണ്ട് ദുരിതത്തിലായി. കമ്പനിയുടെ അടുത്ത പഞ്ചായത്തായ വാഴക്കാട്, മാവൂർ പ്രദേശങ്ങളിൽ കാൻസർ രോഗം വൻതോതിൽ പടർന്നുപിടിച്ചു. വാഴക്കാട് പഞ്ചായത്ത് 1994 ൽ മെഡിക്കൽ സർവ്വെ നടത്തി. അതിൽ കണ്ട രോഗികളുടെ കണക്കുകൾ വളരെ വലുതായിരുന്നു. 1995 ജൂൺ 23 ന് കമ്പനി അറ്റകുറ്റ പണികൾക്കായി ഉൽപ്പാദനം നിർത്തിയ അവസരത്തിൽ ചുങ്കപ്പള്ളിയിലേക്കുള്ള മലിനജല പൈപ്പിന്റെ പൂർക്കടവിലെ വാൽവ് റിപ്പയർ ചെയ്യുമ്പോൾ മൂന്ന് തൊഴിലാളികൾ വിഷവാതകം ശ്വസിച്ചുമരിച്ചു. അതുവരെ മലിനീകരണം ഇല്ല എന്നു പറഞ്ഞിരുന്ന സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് ആയവസരത്തിൽ മലിനീകരണം ഉണ്ടെന്നുപറഞ്ഞു. 1998 ഡിസംബറിൽ കേരള നിയമസഭാ പരിസ്ഥിതി സമിതിയുടെ തെളിവെടുപ്പ് സമയത്ത് മാനേജ്മെന്റ് പ്രതിനിധി ആർ.എൻ. സാബു നിയമസഭാ പരിസ്ഥിതി സമിതി ചോദ്യങ്ങൾക്ക് ഉത്തരമായി കമ്പനിക്ക് കൂടുതൽ ശുദ്ധീകരണം സാദ്ധ്യമല്ല എന്നും കമ്പനി മാനേജ്മെന്റ് പുണ്യം കിട്ടാൻ വേണ്ടിയല്ല പ്രവർത്തിക്കുന്നതെന്നും ലാഭത്തിനുവേണ്ടിയാണ് കമ്പനി നടത്തുന്നത് അതുകൊണ്ട് ഇനിയൊന്നും ചെയ്യാൻ സാധ്യമല്ല എന്നും പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ 1999 ഡിസംബർ പത്തിനാണ് ഗ്രാസിം കമ്പനി അടച്ചുപൂട്ടുകയല്ലാതെ മറ്റു മാർഗ്ഗമില്ലായെന്ന് തിരിച്ചറിഞ്ഞ് കെ.എ. റഹ്മാൻ സാഹിബ് "ഫാക്ടറി അടച്ചുപൂട്ടുക" എന്ന അന്തിമ സമരപ്രഖ്യാപനം നടത്തുന്നത്. കാൻസർ ബാധിച്ച റഹ്മാൻ സാഹിബ് 1999 ജനുവരി 11 ന് മരിക്കുന്നു. 1999 ജനുവരി 17 ന് കേരളത്തിലെ സാഹിത്യ സാംസ്കാരിക നായകരും പരിസ്ഥിതി പ്രവർത്തകരും ചാലിയാർ തീരവാസികളും കോഴിക്കോട് ചേർന്ന കൺവെൻഷൻ തീരുമാനമനുസരിച്ച് 1999 ജനുവരി 26

ന് റിലേ നിരാഹാര സമരം തുടങ്ങുകയും ചെയ്തു. ഇതേതുടർന്ന് 1999 മെയ് 10 ന് കമ്പനി ഉൽപ്പാദനം നിർത്തിവെക്കുകയും ചെയ്തു. 2001 ജൂൺ 30 ന് പൂർത്തീകരിച്ചതും അവശേഷിക്കുന്നതുമായ സർവ്വീസിന് 40 ദിവസത്തെ വേതനം നഷ്ടപരിഹാരമായി നൽകി കമ്പനി അടച്ചുപൂട്ടുന്നു. ഫാക്ടറി അടച്ചതോടെ ചാലിയാറിൽ മലിനീകരണം ഇല്ലാതാവുകയും പുഴയിൽ വൻതോതിൽ മത്സ്യവും കക്കയും ഉണ്ടാവുകയും അതിനെ ആശ്രയിച്ച് വളരെ പേർ ജീവിക്കുകയും ചെയ്യുന്നു. കമ്പനി ഉള്ളപ്പോൾ മത്സ്യങ്ങൾ വളരെ കുറവായിരുന്നു, അതുതന്നെ പിടിച്ചാൽ നാട്ടിൽ ആരും വാങ്ങാത്ത അവസ്ഥയിലും ആയിരുന്നു. ദൂരസ്ഥലങ്ങളിൽ വിൽക്കേണ്ട അവസ്ഥയും ഉണ്ടായിരുന്നു. എന്നാലിപ്പോൾ മത്സ്യം നല്ലതു പോലെ കിട്ടുകയും അതിൽ നാട്ടിൽ തന്നെ നല്ല വിലയ്ക്ക് വിൽക്കാൻ കഴിയുകയും ചെയ്യുന്നു. സ്ത്രീകൾ കക്ക വാരിയും മണൽ തൊഴിലാളികൾ മണൽ വാരിയും ജീവിക്കുന്നു. ഇവർക്കിപ്പോൾ പണ്ടുണ്ടായിരുന്നതുപോലെ ചൊറിച്ചിലോ പുകച്ചിലോ തലവേദനയോ ഒന്നുമില്ല. ചാലിയാർ തീരത്തെ ജനങ്ങൾ കുളിക്കാനും കുടിക്കാനും ഇപ്പോൾ പുഴയെ ആശ്രയിക്കുന്നു. മാവൂർ, വാഴക്കാട് പഞ്ചായത്തുകളിൽ കമ്പനി ഉണ്ടായിരുന്നപ്പോൾ ശ്വാസകോശരോഗങ്ങൾ, തലവേദന, ത്വക്ക് രോഗങ്ങൾ എന്നിവ കൂടുതലായിരുന്നു. എന്നാലിന്ന് ഇതു വളരെ കുറവാണെന്ന് ഈ പ്രദേശങ്ങളിലെ ഡോക്ടർമാർ പറയുന്നു. കൃഷിയിലും വളരെയധികം മാറ്റങ്ങൾ ഇപ്പോഴുണ്ട്. പണ്ട് ഉൽപ്പാദനം നിർത്തിയപ്പോൾ കമ്പനിക്കു വേണ്ടിയിരുന്ന വയനാട്ടിലെയും മറ്റും മുളയും മരവും ഇപ്പോൾ തഴച്ചുവളരുകയാണ്. ഇത് അവിടെയുള്ള ആദിവാസികൾക്കും മറ്റും പ്രവൃത്തിക്കുള്ള സാമഗ്രികൾ കിട്ടാൻ ഒരനുഗ്രഹമായി മാറി. കമ്പനി പൂട്ടിയതുകൊണ്ട് ചാലിയാർ തീരവാസികൾക്ക് മാത്രമല്ല കേരളത്തിലെ ബഹുഭൂരിപക്ഷം ജനങ്ങൾക്കും കേരള സർക്കാരിനും ഒരു നിലയ്ക്കല്ലെങ്കിൽ മറ്റൊരു നിലയ്ക്ക് ഗുണമാണുണ്ടായത്. കോഴിക്കോട് കോർപ്പറേഷനുള്ളിലെ ജനങ്ങൾക്ക് ഭയപ്പാടില്ലാതെ വെള്ളം കുടിക്കാം, കമ്പനി ഉള്ള സമയത്ത് പല പ്രാവശ്യം 'ശുദ്ധ വെള്ള'ത്തിൽ മലിനജലം കലർത്തിയിട്ടുണ്ട്. കമ്പനി തൊഴിലാളികൾക്ക് നഷ്ടപരിഹാരം കിട്ടുകയും ചിലർ ആ പണം മാർബിൾ ബിസിനസ്സ് പോലത്തെ ബ്ലേഡ് കമ്പനികളിൽ നിക്ഷേപിച്ച് കിട്ടിയ സമ്പത്ത് നഷ്ടപ്പെടുത്തിയിട്ടുണ്ട്. ചിലർ ആ പണം ഉപയോഗിച്ച് വാഹനം, കച്ചവടം, മറ്റു ബിസിനസ്സുകൾ തുടങ്ങി കൂടുതൽ പേർക്ക് തൊഴിലുണ്ടാക്കാൻ സഹായിച്ചിട്ടുണ്ട്. എന്നാൽ ഒരു കൂട്ടായ പ്രവർത്തനം ഉണ്ടാക്കാൻ ട്രേഡ് യൂണിയൻ നേതാക്കൾ പരിശ്രമിക്കാത്തത് ഇവിടെ കിട്ടിയ പണം നഷ്ടപ്പെടാനിടയാക്കിയിട്ടുണ്ട്. നേതാക്കന്മാർ ശ്രമിച്ചത് ആ പണം അവരുടെ കീഴിലുള്ള സഹകരണ സംഘത്തിൽ നിക്ഷേപിക്കാനാണ്. കമ്പനിയിൽനിന്ന് ഇതുവരെ യാതൊരു ആനുകൂല്യങ്ങളും കിട്ടാത്ത തൊഴിലാളികളും ഉണ്ട്. അത് കരാർ തൊഴിലാളികളാണ്. ഇവർ കരാറുകാരന്റെ കൂടെ ചുരുങ്ങിയ വേതനത്തിന് 20-25 കൊല്ലം പണി ചെയ്ത പാവങ്ങളാണ്. ഇവർ പണി ചെയ്യുന്ന അവസരത്തിൽ "അടുത്ത് കമ്പനിയിൽ ആളെയെടുക്കുമ്പോൾ നിങ്ങളെയാണ് എടുക്കുക'' എന്നു പറഞ്ഞ് അത് ഉടനെ ഉണ്ടാകുമെന്ന് വിചാരിച്ച് പണിയെടുത്ത പാവങ്ങളാണിവർ. പുറത്ത് 150-200 രൂപ കൂലിയുള്ളപ്പോൾ 50-60 രൂപയ്ക്കാണ് കമ്പനിയിൽ ഇവർ പണി ചെയ്യുന്നത്. ഇവരുടെ കാര്യം പറയാൻ ശക്തമായ യൂണിയൻ നേതാക്കൾ വരെ കാര്യമായ ഒന്നും ആദ്യഘട്ടത്തിൽ ചെയ്തില്ല. ഇവർ കമ്പനി പൂട്ടിയ ശേഷം കുറെ സമരങ്ങൾ ചെയ്യുകയും കുറെ കേസ്സിൽ അകപ്പെടുകയും ചെയ്തു. കേസ്സുകളിൽ അകപ്പെട്ടതാണ് ഇവർക്ക് കിട്ടിയ ആനുകൂല്യം. കമ്പനിക്കെതിരെ സമരം ചെയ്ത് കമ്പനി അടച്ചപ്പോൾ മറ്റാരും കാണാത്ത വാദമുഖങ്ങളാണ് മാവൂരിലേത്. സമരത്തിൽ എല്ലാവരും ജയിച്ചതായാണ് അവകാശവാദം. പരിസ്ഥിതി പ്രവർത്തകർ പറയുന്നു: ''ഞങ്ങൾ സമരം ചെയ്ത് മലിനീകരണം ഉണ്ടാക്കുന്ന കമ്പനി പൂട്ടിച്ചു. ഇനി ഇവിടെ മലിനീകരണം ഉണ്ടാകില്ല." തൊഴിലാളി നേതാക്കൾ പറയുന്നു: "ഏറ്റവും കൂടുതൽ ആനുകൂല്യങ്ങൾ വാങ്ങി കൊടുത്താണ് ഞങ്ങളുടെ തൊഴിലാളികൾ പിരിഞ്ഞതെന്ന്" മാനേജ്മെന്റ് പറയുന്നു: "രണ്ടു കൊല്ലം ഉൽപ്പാദനം നിർത്തിവച്ച് തൊഴിലാളികൾക്ക് കൊടുത്ത ശമ്പളത്തിനേക്കാളും കുറഞ്ഞ പണം കൊടുത്ത് തൊഴിലാളികളെ എന്നെന്നേക്കുമായി പിരിച്ചയയ്ക്കാൻ സാധിച്ചു. അതുകൊണ്ട് ഞങ്ങളാണ് വിജയിച്ചതെന്ന്" എന്നാൽ കേരള സർക്കാർ പറയുന്നു: "ഇത്രയും വലിയ ഒരു കമ്പനിയിൽ കൂടുതൽ തൊഴിലാളികൾ ഉള്ള ഫാക്ടറിയിൽ (ഏകദേശം 2000-3500) തൊഴിലില്ലാതായിട്ട് ഏതെങ്കിലും ഒരു തൊഴിലാളി സംഘടനയിൽ കേരളത്തിലെ ഏതെങ്കിലും ഒരു രാഷ്ട്രീയ പാർട്ടിയിൽ നിന്നോ മറ്റേതെങ്കിലും സംഘടനകളിൽനിന്നോ സർക്കാരിനെതിരെ യാതൊരു എതിർപ്പും ഉണ്ടായിട്ടില്ല." അതാണ് സർക്കാർ വിജയമെന്ന് സർക്കാർ. എന്നാൽ എന്താണ് വാസ്തവം? സത്യത്തിൽ വിജയിച്ചത് കമ്പനിയാണ്. കഴിഞ്ഞ 37 വർഷം കേരളത്തിന്റെ വനസമ്പത്തും വൈദ്യുതിയും തുച്ഛമായ വിലയ്ക്ക് വാങ്ങുകയും ചാലിയാറിലെ വെള്ളം ഒരു പൈസ പോലും നൽകാതെയെടുത്ത് കോടികൾ ലാഭമുണ്ടാക്കി സർക്കാരിന് കൊടുക്കേണ്ട നികുതിയും മുളയുടെയും മരത്തിന്റെയും കറന്റിന്റെയും കുടിശ്ശിക പോലും കൊടുക്കാതെ തൊഴിലാളികൾക്ക് തുച്ഛമായ നഷ്ടപരിഹാരം മാത്രം നൽകി കമ്പനിയുടെ അടുത്തുള്ള മാവൂർ, വാഴക്കാട് പഞ്ചായത്തുകളിലെ ജനങ്ങളെ നിത്യരോഗികളാക്കി കമ്പനിയുടെ പരിസരത്തുള്ള മണ്ണും ജലവും വായുവും വിഷലിപ്തമാക്കി കമ്പനി മാനേജ്മെന്റ് നല്ല കമ്പനിയായി രക്ഷപ്പെട്ടിരിക്കയാണ്. ഇവിടെ വിജയിച്ചത് കമ്പനി മാനേജ്മെന്റാണ്. എന്നാൽ മേലിൽ മലിനീകരണമുണ്ടാകില്ലെന്ന് ചാലിയാർ തീരവാസികൾക്ക് ആശ്വസിക്കാം.

## അധികവായനയ്ക്ക്

മാവൂർ : ഒരു വികസന മാതൃകയുടെ പതനം (പഠനം)

സി. സുരേന്ദ്രനാഥ്

പേജ് 200, വില 75 രൂപ

പാപ്പിയോൺ, കോഴിക്കോട്